OASIS
Older Adults Sharing In Service
NEWS BULLETIN
STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE
Vol. 1 Book 4 Regd. No. ER/450/2001 Date:31.10.2019

## സ്മരണാഞ്ജലികൾ!!

ഒറ്റയ്ക്ക് പോകൂ, ഒറ്റയ്ക്ക്!
ആരും വരാനില്ല കൂടെ.
ഹേ, ഭാഗ്യഹീനനായ മനഷ്യാ,
ഒറ്റയ്ക്ക് നടക്കുക,
അവരെല്ലാം പേടിച്ച് ചുവരിൽ മുഖമമർത്തി
ചൂളിക്കൂടിയിരിക്കുകയാണ്.
ആരും വരികയില്ല, ആ മുള്ളുനിറഞ്ഞ
വഴിയിലൂടെ നടക്കാൻ, ഒറ്റയ്ക്ക് പോകൂ
ആ വഴിയിലെങ്ങും നിന്റെ പാദങ്ങളുടെ
ചോരപ്പാടുകൾ പതിഞ്ഞു കിടക്കും.
ഒറ്റയ്ക്ക് നടക്കുന്നവനേ, അവർ രാത്രിയിൽ
വാതിലുകളെല്ലാം അടച്ചു കളയും.
വിളക്കുകൾ കെടുത്തിക്കളയും.
ഇരുട്ടാണ്, ശൂന്യതയാണ്, ഭഗ്യം കെട്ട മനുഷ്യാ,
നിന്റെ ഉൾച്ചൂടിന്റെ തീവെളിച്ചത്തിൽ
ഒറ്റക്ക് നടന്നു പോകൂ!!




മഹാകവി രവീന്ദ്രനാഥ ടാഗോർ മഹാത്മ ഗാന്ധിയെക്കുറിച്ച് എഴുതിയ മന്ദ്ര ഗംഭീര വരികൾ! കവൈത്രി സുഗതകമാരിയുടെ തർജ്ജമ. ഇന്നും കാലിക പ്രസക്തിയേറി വരുന്ന ഗീതം. ഒക്ടോബർ ര ആ മഹാത്മാവിന്റെ 150–ാം ജന്മദിനം.



അല്ലെങ്കിലും അവരെല്ലാം ഒറ്റയ്ക്കായിരുന്നു നടന്നത്.... ബുദ്ധനും, ക്രിസ്തുവും, നബിയും ഗാന്ധിയും എല്ലാം ഏകാന്തതയിലായിരുന്നു. എന്നാൽ മനം തളരാത്തവർ!! അവർ നടന്നു പോയ വഴികളിലെ ദുർഘടങ്ങളേക്കുറിച്ച് വേറെ എങ്ങനെ വർണ്ണിക്കാൻ?

**രാഷ്ട്ര പിതാവിന് സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷന്റെ പ്രണാമം!!**



# റിസർവ്വ് ബാങ്ക് റിപ്പൊ നിരക്ക് വീണ്ടും കുറച്ചു

റിസർവ്വ് ബാങ്ക് മോനിട്ടറി പോളിസി കമ്മറ്റി, റിപ്പൊ, റിവേഴ്സ് റിപ്പോ നിരക്കുകൾ വീ ും കുറച്ചു. റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് കുറച്ച് 5.15%ആക്കി. റിവേഴ്സ് റിപ്പോ നിരക്കും 4.90% ആയി കുറഞ്ഞു. കാഷ് റിസേർവ് റേഷ്യൊ 4% എന്ന നിരക്കിൽ മാറ്റമില്ലാതെ തുടരുന്നു. കഴിഞ്ഞ കാലങ്ങളിൽ റിപ്പൊ നിരക്ക് ഏറ്റവും കറഞ്ഞത് 2010 മാർച്ചിൽ ആയിരുന്നു. 5% ആയിട്ടായിരുന്നു അന്ന് കുറച്ചത്. ജി.ഡി.പി.വളർച്ചാ നിരക്ക് 6.90% പ്രവചിച്ചിരുന്നത് 6.10% ആക്കി കുറച്ചു. ബാങ്കുകൾ നിക്ഷേപങ്ങൾക്ക് കൊടുക്കുന്ന നിരക്കുകളിലും കുറവ് പ്രതീക്ഷിക്കാം.

## കേരളാ ബാങ്കിന് ആർ.ബി.ഐ. അനുമതി

ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരളാ ബാങ്ക് രൂപവല്ക്കരിക്കാനുള്ള കേരള സർക്കാരിന്റെ നിരന്തര പരിശ്രമങ്ങൾക്ക് ആർ.ബി.ഐ.യുടെ പച്ചക്കൊടി. 13 ജില്ലാ ബാങ്കുകളെ ലയിപ്പിക്കുന്നതിനാണ് അനുമതി. മലപ്പുറം ജില്ലാ ബാങ്ക് ഇതിന്റെ ഒപ്പം ചേർന്നിട്ടില്ല. അത്ര ലളിതമല്ലാത്ത ചില ഉപാധികളോടെയാണ് ആർ.ബി.ഐ. അംഗീകാരം ലഭിച്ചിട്ടുള്ളത്.

അർബൻ ബാങ്കുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള ''ബോർഡ് ഓഫ് മാനേജ്മെന്റ്'' രൂപീകരിക്കണമെന്നതാണ് പ്രധാന നിബന്ധന. ആർ.ബി.ഐ. മുൻ ഡയറക്ടർ വൈ.എച്ച്.മാലേഗാം സമിതി 2011 ൽ ശുപാർശ ചെയ്തതിൻ പ്രകാരമാണ് ഈ പരിഷ്കാരം നിലവിൽ വന്നത്. ബാങ്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാ അധികാരങ്ങളും ''ബോർഡ് ഓഫ് മനേജ്മെന്റി''ന് കൈമാറുന്നതാണ് പുതിയ സംവിധാനം. ''ബോർഡ് ഓഫ് മനേജ്മെന്റ്'' റിസർവ് ബാങ്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കും. നിലവിലുള്ള മേൽനോട്ട ചുമതലയ്ക്ക് പുറമേയാണിത്.

വാണിജ്യ ബാങ്കകളുടേതു പോലെ 9% മൂലധന പര്യാപ്തത(ബേസൽ)ഉറപ്പു വരുത്തേ തു ന്നതാണ് മറ്റൊരു വ്യവസ്ഥ. ഇത് സർക്കാരിന് ഒരു ബാദ്ധ്യതയായേക്കാം. കോർ ബാങ്കിംഗ് സംവിധാനം വേണമെന്നതാണ് മറ്റൊരു ഉപാധി. കേരളാ ബാങ്ക് രൂപവത്കരണത്തെ എതിർത്തു കൊ ുള്ള 19 ഹർജികൾ ഹൈക്കോടതിയിൽ നിലവിലു ്. റിസർവ് ബാങ്ക് കോടതിയിൽ സ്വീകരിക്കുന്ന നിലപാടും നിർണ്ണായകമായേക്കാം.

കേരളാ ബാങ്ക് കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ വലിയ മാറ്റങ്ങളു ാക്കുമെന്നതിൽ തർക്കമില്ല. 2.10 ലക്ഷം കോടി രൂപ നിക്ഷേപമുള്ള സഹകരണ ബാങ്കിംഗ് മേഖലയുടെ നായകത്വമാണ് കേരളാ ബാങ്കിൽ വന്നു ചേരുന്നത്.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2019 ഒക്ടോബർ മാസത്തിലെ ഭരണ സമിതി യോഗം 11 – ാം തീയതി വെള്ളിയാഴ്ച്ച നടന്നു. യോഗത്തിൽ ഹോണററി



സെക്രട്ടറി & കോട്ടയം ഡി.ജി.എസ്, ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ



മാസാന്ത്യ കണക്കുകൾ അവതരിപ്പിച്ചു. ചർച്ചകൾക്കും വിശദീകരണങ്ങൾക്കുമൊടുവിൽ റിപ്പോർട്ടും കണക്കുകളും യോഗം അംഗീകരിച്ചു.

## സൊസൈറ്റി
## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2019 ഒക്ടോബർ മാസത്തിലെ നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി – ശ്രീ.** കെ.കെ.കുര്യൻ
2. **25,000 രൂപായുടെ കുറി – ശ്രീമതി.** വി.ഒ.പൊന്നമ്മ
3. **50,000 രൂപായുടെ കുറി –** ശ്രീമതി. റോസിലിൻ ജേക്കബ്ബ്
4. **100,000 രൂപായുടെ കുറി – ശ്രീ.** ജെയിൻ എബ്രഹാം
5. **100,000 രൂപായുടെ കുറി – ശ്രീ.** അലക്സ് തയ്യിൽ

നറുക്ക് ലഭിച്ചവർക്ക് നവംബർ മാസം 8–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 8–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

**താഴെ കൊടുത്തിട്ടുള്ള അഞ്ച് എ ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ അഞ്ചിനും "എ" ക്ലാസ് അംഗത്വം നല്കുന്നതിന് തീരുമാനമായി.**

1. **ശ്രീമതി. അന്നമ്മ മാത്യു**
2. **ശ്രീ. റ്റോമി പീറ്റർ**
3. **ശ്രീ. ജോസഫ് സെബാസ്റ്റ്യൻ**
4. **ശ്രീ. തോമസ് എ.ജെ.**
5. **ശ്രീ. കുഞ്ഞുമോൻ .എം .ഒ.**

### സി ക്ലാസ്സ്

**കൂടാതെ ഇനിപ്പറയുന്ന അഞ്ച് പേർക്ക് സി ക്ലാസ്സ് അംഗത്വവും അനുവദിച്ചു.**

1. **ശ്രീമതി.ഗീതാ രാഘവൻ**
2. **ശ്രീമതി.മേഴ്സി മാത്യു**
3. **ശ്രീമതി.സിൽവിയ മാത്യൂസ്**
4. **ശ്രീമതി.വൽസമ്മ ജോൺ**
5. **ശ്രീമതി.എ.ഡി.സുമതി**

**നവാഗതർക്ക് സ്വാഗതം!**

## ആറാമത്തെ. 100,000 രൂപായുടെ ജി.ഡി.സി.എസ് കുറി

**ആറാമത്തെ. 100,000 രൂപായുടെ ജി.ഡി.സി.എസ് കുറി തുടങ്ങിയ വിവരം സന്തോഷപൂർവം അറിയിക്കുന്നു. അതിൽ ചേർന്നവരുടെ അക്കൗണ്ടിൽ നിന്നും ആദ്യത്തെ തവണ ആയ 4000/ രൂപ പിടിച്ചിട്ടുണ്ട്. ആദ്യത്തെ നറുക്കെടുപ്പ് സംഘത്തിനുള്ളതാണ്. അതിനുശേഷം വരുന്ന നറുക്കെടുപ്പിൽ നറുക്കിൽ ഉൾപ്പെടുത്തേണ്ട എങ്കിൽ നേരത്തെതന്നെ ത്രേസിയാമ്മ ആന്റണിയുടെ വാട്സ്ആപ്പ് നമ്പറിൽ 9446322416 അറിയിക്കുക.**

# എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ

## കോട്ടയം യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ 2019 ഒക്ടോബർ മാസത്തിലെ ഭരണ സമിതി യോഗം 11 – ാം തീയതി വെള്ളിയാഴ്ച്ച അസ്സോസിയേഷന്റെ കുമാരനല്ലൂരിലുള്ള ഓഫീസിൽ വച്ച് നടന്നു. യോഗത്തിൽ കോട്ടയം ജില്ലാ സെക്രട്ടറി ശ്രി.പി.എം.ജേക്കബ്



റിപ്പോർട്ട് അവതരിപ്പിച്ചു.



ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പ് കണക്കുകൾ അവതരിപ്പിച്ചു. ജോയിന്റ് സെക്രട്ടറി ശ്രീ.എം.പി.പുഷ്കരൻ കൃതജ്ഞത രേഖപ്പെടുത്തി.

## എറണാകുളം ജില്ലാ കേന്ദ്രം എസ്.ബി.ഐ. മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗം

എറണാകുളം എസ്.ബി.ഐ. മാനേജ്മെന്റുമായുള്ള ത്രൈമാസ ചർച്ചാ യോഗം എറണാകുളം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ വച്ചു നടക്കുകയുണ്ടായി. അംഗങ്ങളുടെ മെഡിക്കൽ ബില്ലുകൾ, പുതിയ ഡിസ്പെൻസറികളുടെ പ്രവർത്തനം, നിലവിലുള്ള എറണാകുളം ഡിസ്പെൻസറിയിലെ തിരക്കു നിയന്ത്രിക്കുന്നതിനു മരുന്നുകൾ കൂടുതൽ സ്റ്റോക്ക് ചെയ്യുന്നതിനുള്ള നിർദേശം, ഐഡന്റിറ്റി കാർഡു വിതരണം, കുടിശ്ശിക വിവിധങ്ങളായ എട്ടോളം അജൻഡകളിലെ പതിമൂന്നോളം വിഷയങ്ങൾ ബഹുമാനപ്പെട്ട ഡെ. ജനറൽ മാനേജരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയുണ്ടായി. മരുന്നുകളുടെ സ്റ്റോക്ക് വർദ്ധിപ്പിക്കുന്നതുൾപ്പെടെ എല്ലാ വിഷയങ്ങളിലും വേണ്ട നടപടികളും, ഫോളോ അപ്പും ചെയ്തു പരിഹാരം കാണുന്നതിന് വേണ്ടപ്പെട്ട റീജിയണൽ മാനേജേഴ്സിനും, എച്ച്.ആർ. ചീഫ് മാനേജർക്കും, ബഹുമാനപ്പെട്ട ഡി.ജി.എം നിർദേശം നൽകുകയുണ്ടായി. വളരെ സൗഹൃദപരമായ ചർച്ചകൾക്ക് അസോസിയേഷനെ പ്രതിനിധീകരിച്ച് ഡി.ജി.എസ്. ശ്രീ.ജോസഫ് പാലയ്ക്കൻ, ശ്രീ.ജയറാം, ക്യാപ്റ്റൻ പ്രേംനാഥ്, ഇടുക്കി ജില്ലാ സെക്രട്ടറിയും പ്രസിഡന്റും ഉൾപ്പെടെ ഒമ്പതോളം കമ്മറ്റി അംഗങ്ങളും പങ്കെടുക്കുകയും ചർച്ചകളിൽ ഭാഗഭാക്കാകുകയും ചെയ്തു.

## എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ ആലപ്പുഴ ജില്ലാ കേന്ദ്രം ത്രൈമാസ യോഗം



ആലപ്പുഴ ജില്ലാ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുന്ന കോട്ടയം ഡി.ജി.എസ്, ശ്രീ. മാത്യു അടയ്ക്കാമു യ്ക്കൽ. അസി.ജനറൽ സെക്രട്ടറി. ശ്രീ. പി.എസ്.രാജമോഹനൻ നായരേയും(നടുക്ക്) കാണാം



എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ ആലപ്പുഴ ജില്ലാ സമ്മേളനത്തിലെ സദസ്സിന്റെ ഒരു വീക്ഷണം

## പ്രധാനമന്ത്രി കൗശൽ വികാസ് യോജന മുഖേന ജോലി

പ്രധാനമന്ത്രിയുടെ കൗശൽ വികാസ് യോജന എന്ന പദ്ധതിയില്ലൂടെ നിങ്ങൾക്കോ നിങ്ങൾക്ക് പരിചയം ഉള്ളവർക്കോ 22 വ്യത്യസ്ഥ മേഖലകളിൽ പഠിക്കാനും, ജോലി നേടാനും സുവർണാവസരം.

ചെയ്യേണ്ടത് ഇത്രമാത്രം. **08800055555** എന്ന ടോൾ ഫ്രീ നമ്പരിലേക്ക് വിളിക്കുക. 5 മിനിട്ടിനുള്ളിൽ നിങ്ങൾക്ക് മെയിൻ ഓഫീസിൽ നിന്നും ഒരു കോൾ ലഭിക്കും.

ശ്രദ്ധിച്ച് കേട്ട് നിങ്ങൾക്ക് ഇഷ്ടപ്പെട്ട തൊഴിൽ മേഖലകളും പെഴ്സണൽ ഡീറ്റയിൽസും നിർദ്ദേശാനുസരണം പറയുക. രെജിസ്റ്റർ ആയാൽ കേരളത്തിലെ ട്രെയിനിംഗ് സെന്ററുകളുടെ കോണ്ടാക്ട് ഡീറ്റയിൽസ് നിങ്ങൾക്ക് എസ്.എം.എസ് വഴി ലഭിക്കും. ആ നമ്പറിൽ വിളിച്ച് നിങ്ങൾക്ക് ട്രെയിനിംഗ് കിട്ടേണ്ട കാലപരിധി നിശ്ചയിക്കുക. ട്രെയിനിംഗ് പിരീഡിൽ ഓരോ മാസവും 5500 രൂപ വെച്ച് സ്റ്റൈപെന്റ് ലഭിക്കുന്നതാണ്.

കോഴ്സ് കഴിഞ്ഞാൽ മേയ്ക്ക് ഇൻ ഇൻഡ്യ പ്രോജക്ടിൽ നിങ്ങൾക്ക് ഒരു തൊഴിലവസരം വിദ്യാഭ്യാസ യോഗ്യത ക്രമത്തിൽ ലഭിക്കുന്നതാണ്. നമ്മുടെ ഇടയിലുള്ള കുടുംബങ്ങളിൽ തൊഴിൽ രഹിതരും അഭ്യസ്ത വിദ്യരുമായ ചെറുപ്പക്കാർ ഉെ ണ്ടങ്കിൽ അവർക്കായി ഈ വിവരം കൈമാറുവാൻ ശ്രദ്ധിക്കുമല്ലൊ..

## എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ തിരുവനന്തപുരം ജില്ലാ കേന്ദ്രം ത്രൈമാസ യോഗം



തിരുവനന്തപുരം ജില്ലാ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുന്ന മുൻ കേരള സംസ്ഥാന ചീഫ് സെക്രട്ടറി.ശ്രീ.കെ.ജയകുമാർ.



എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ തിരുവനന്തപുരം ജില്ലാ സമ്മേളനത്തിലെ സദസ്സിന്റെ ഒരു വീക്ഷണം

## കേരളപ്പിറവി

നവംബർ മാസം പെൻഷൻകാരെ സംബന്ധി ച്ചെടത്തോളം വളരെ പ്രധാനപ്പെട്ട മാസം ആണ്. ലൈഫ് സർട്ടിഫിക്കറ്റ് കൊടുക്കേണ്ടമാസം. താഴെ പറയുന്നകാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ :

1) നിങ്ങളെ അറിയില്ലങ്കിൽ നമ്മൾ സ്റ്റാഫ് പെൻഷൻനർ ആണെന്ന് ബ്രാഞ്ചിൽ പറയുക.

2) ഏത് ബ്രാഞ്ചിൽനിന്നും ലൈഫ് സർട്ടിഫിക്കറ്റ് കൊടുക്കാം

3) ലൈഫ് സർട്ടിഫിക്കറ്റ് ന്റെ ഫോർമാറ്റ് HRMS ഇൽ ഉണ്ട്, ആർക്കെങ്കിലും ആവശ്യം ഉണ്ടങ്കിൽ നമ്മുടെ അസോസിയേഷൻ ഓഫിസിൽ നിന്നും ലഭിക്കും.

4) 80 വയസ് തികഞ്ഞവർ അടുത്ത ഒരുവർഷത്തി നുള്ളിൽ ലൈഫ് സർട്ടിഫിക്കറ്റ് കൊടുത്താൽ മതി.

5) ബ്രാഞ്ചിലെ സ്റ്റാഫ് വേണം HRMS മേക്കർ ചെക്കർ ആയിട്ട് ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാൻ അതായത്, ആ ബ്രാഞ്ചിലെ HRMS https://hrms.sbionline.com ഇൽ ലോഗിൻ ചെയ്യുന്ന സ്ഥിരം സ്റ്റാഫ് വേണം ഇത് ചെയ്യാൻ.

6)HRMS ID(ESBT പെൻഷനേഴ്സ് ) അറിയാൻ നമ്മുടെ ഓഫിസുമായി ബന്ധപെടുക. ശ്രീമതി ത്രേസിയാമ്മ ആന്റണിയുടെ വാട്സ്ആപ്പ് നമ്പറിൽ 9446322416 അറിയിക്കുക **9446046899**

## കണ്ണീർ പ്രണാമം!!

### കല്യാട് താഴത്ത് വീട്ടിൽ സീതാ ദേവി



എസ്.ബി.ഐ. ചീഫ് ജനറൽ മാനേജർ മുംബൈ ശ്രീ.കെ.റ്റി.അജിത്തിന്റെ മാതാവ് കല്യാട് താഴത്ത് വീട്ടിൽ സീതാ ദേവി (85) അന്തരിച്ചു. സന്തപ്ത

കടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

## ആദരാഞ്ജലികൾ!!

നമ്മുടെ കോട്ടയം യൂണിറ്റ് അംഗം സ്റ്റേറ്റ് ബാങ്ക് റിട്ടയേർഡ് മാനേജർ ശ്രീ. രാജൻ പി. വർഗീസിന്റെ ഭാര്യാ പിതാവും സ്റ്റേറ്റ് ബാങ്ക് റിട്ടയേർഡ് സ്പെഷ്യൽ അസിസ്റ്റന്റുമായ ശ്രീ.കെ.കെ.മത്തായി (കടവും ഭാഗത്തായ കണ്ണാത്തു കുഴിയിൽ കുഞ്ഞ് - 90) നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു. ഒക്ടോബർ 3-ാം തിയതി പൊത്തൻപുറം സെന്റ് ഇഗ്നാത്തിയോസ് യാക്കൊബായ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



ശ്രീ.കെ.കെ.മത്തായി (കുഞ്ഞ് - 90)

## നിര്യാതനായി

## A U/. കെ.എസ്.ദിലീപ്

**റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ.വിജയൻ സാറിന്റെ മരുമകനും സ്റ്റേറ്റ് ബാങ്ക് ലീഗൽ അഡ്വൈസറുമായിരുന്ന പൊന്നരുന്നി സെന്റ് റീത്താസ് റോഡിൽ കൃഷ്ണജയയിൽ ശ്രീ. കെ.എസ്.ദിലീപ ̆(50) നിര്യാതനായി. അദ്ദേഹത്തിന്റെ ആകസ്മിക നിര്യാണത്തിൽ അനുശോചിക്കുന്നു. ഭാര്യ മീന. മക്കൾ ഡി.എം.അനന്ത കൃഷ്ണൻ, ഡി. എം.ഗണേഷ്. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.**



s I . F k \.Zne0 ]\

## കെ.അച്ചുതൻ (എൽ.എം.3051)



എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ അംഗം ശ്രീ.കെ.അച്ചുതൻ (എൽ.എം.3051) ഒക്ടോബർ 5 - ാം തീയതി തിരൂരിൽ നിര്യാതനായി. **പരേതാത്മാവിന്** നിത്യശാന്തി നേരുന്നു.

## നിര്യാതനായി

ശ്രീ വി.കെ.മാത്യു, 66 വയസ്. പരേതൻ നമ്മുടെ മെമ്പറും കോട്ടയം ഏരിയ ഒന്നിന്റെ എക്സിക്യൂട്ടീവ് അംഗവുമായ ശ്രീ വി.കെ. സിറിയക്കിന്റെ ജേഷ്ഠ സഹോദരൻ ആണ്. മൃതസംസ്കാരം ശുശ്രുഷകൾ സിറിയക്കിന്റെ ആർപ്പൂക്കര പനമ്പാലത്ത് അൽഫോൻസാ ഭാവനത്തിനു സമീപം ഉള്ള വീട്ടിൽ 20 – ാം തീയതി 3 മണിക്ക് ആരംഭിച്ച് അടക്കം കുടമാളൂർ സെന്റ് മേരീസ് പള്ളി സിമിത്തേരിയിൽ നടത്തി. . **ആദരാഞ്ജലികൾ!!**

## തങ്കമ്മ ജോൺ



കോട്ടയം യൂണിറ്റ് ജോയിന്റ് കൺവീനറും സംഘം ലീഗൽ അഡ്വൈസറുമായ അഡ്വ. കെ.ജെ.വർഗീ സിന്റെ മാതാവ് തങ്കമ്മ ജോൺ (87) നിര്യാതയായ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. കങ്ങഴ പാറയിൽ കടുംബാംഗമാണ്. കാക്കനാട്ടുള്ള വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം കോട്ടയം സെന്റ് ലാസറസ് പള്ളിയിൽ സംസ്കരിച്ചു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

## വനിതാ ക്രിക്കറ്റ് മുൻ കാപ്റ്റൻ സബീന ജേക്കബ്ബ്



വനിതാ ക്രിക്കറ്റ് മുൻ കാപ്റ്റൻ സബീന ജേക്കബ്ബ് അന്തരിച്ചു. സ്റ്റേറ്റ് ബാങ്ക് റിട്ട്. ചീഫ് മാനേജരായിരുന്നു.

# അഭിനന്ദനങ്ങൾ!!

# ദേവജ അവാർഡ്

കോട്ടയം : എസ് ബി ഐ പെന്ഷനേഴ്സ് അസോസിയേഷൻ കോട്ടയം യൂണിറ്റ് അംഗം ശ്രീ.ജോർജ് തോമസ് തലക്കുളത്തിന് ഈ വർഷത്തെ ദേവജ അവാർഡ്. നാടകം, ടെലി ഫിലിം പൊതുപ്രവർത്തകൻ തുടങ്ങിയ വിവിധ മേഖലകളിലെ മികച്ച പ്രകടനങ്ങൾക്ക് ദേവജ ഗ്രൂപ്പ് നല്കുന്ന അവാർഡാണിത്. നെടുംകുന്നം കേരള കോൺഗ്രസ് (എം ) വൈസ് പ്രസിഡന്റും, ദേവഗിരി കീർത്തി സ്വാശ്രയ സംഘം പ്രസിഡന്റുമാണ് ശ്രീ.ജോർജ് തോമസ് തലക്കുളം.



ശ്രീ.ജോർജ് തോമസ് തലക്കുളത്തിന് ബഹു. മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. ജി രാമൻ നായർ പുരസ്ക്കാരം നല്കുന്നു. സമീപം ദേവജ ചീഫ് എഡിറ്റർ പ്രൊഫ. രഘുദേവ്, സാഹിത്യകാരൻ തേക്കിൻകാട് ജോസഫ് ,സീരിയൽ നടൻ പ്രതീഷ് നന്ദൻ

## ശ്രീ എം.കെ.മനോഹരന് ചെറുകാട് സഹിത്യ അവാർഡ്

ഈ വർഷത്തെ ചെറുകാട് സഹിത്യ അവാർഡിന് എസ്. ബി. ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ അംഗം ശ്രീ.എം.കെ.മനോഹരന്റെ ‘‘അലക്കുകല്ലുകളുടെ പ്രണയം’’ എന്ന ചെറുകഥാ സമാഹാരം തെരഞ്ഞെടുക്കപ്പെട്ടു. പ്രശസ്തി പത്രവും 25,000 രൂപയുടെ കാഷ് അവാർഡുമാണ് പുരസ്കാരം. ചെറുകാട് സ്മാരക ട്രസ്റ്റിന്റെതാണ് ഈ അവാർഡ്.



**ശ്രി എം.കെ.മനോഹരൻ**

**ഒക്ടോബർ 27 ന് പട്ടാമ്പിയിൽ വച്ച് നടക്കുന്ന ചെറുകാട് അനുസ്മരണ സമ്മേളനത്തിൽ സംസ്കാരിക മന്ത്രി ശ്രീ. എ.കെ.ബാലൻ പുർസ്കാരം സമ്മാനിക്കും. ശ്രീ. മനോഹരന് അഭിനന്ദനങ്ങൾ!!**



**ഓണാഘോഷ പരിപാടികളോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലാ ഭരണ സമിതി അംഗങ്ങൾ അവതരിപ്പിച്ച ‘‘ജലം’’ എന്ന നാടകത്തിൽ നിന്ന് ഒരു രംഗം.**

## കണ്ണൂർ ജില്ലാ കേന്ദ്രത്തിന്റെ എച്ച്.ആർ.എം.എസ്. ശില്പ്പശാല

**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ ജില്ലാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 14-ാം തിയതി ഒരു എച്ച്.ആർ.എം.എസ്. ശില്പ്പശാല നടന്നു. സ്റ്റേറ്റ് ബാങ്ക് പെൻഷൻകാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക്**

പരിഹാരമായി മുതിർന്ന പൗരന്മാരെ ഡിജിറ്റൽ സേവനങ്ങളിൽ സഹായിക്കുന്നതിനായി സഹ പ്രവർത്തകരിൽ നിന്ന് സേവന സന്നദ്ധരായ വോളന്റിയർമാരെ വാർത്തെടുക്കുക എന്നതായിരുന്നു ഈ ശില്പ്പശാലയുടെ ലക്ഷ്യം. പെൻഷൻ, ഫാമിലി പെൻഷൻ, മെഡിക്കൽ ഇൻഷുറൻസ് തുടങ്ങിയ എല്ലാ കാര്യങ്ങളിലും ഇവരുടെ സേവനം ലഭ്യമാക്കും. കണ്ണൂർ ജില്ലാ കേന്ദ്രത്തിന്റെ ശ്ലാഘനീയമായ ഈ ഉദ്യമത്തിന് ഒയാസിസ്സിന്റെ ആശംസകൾ!!



എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ ജില്ലാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 14-ാം തിയതി നടന്ന എച്ച്.ആർ.എം.എസ്. ശില്പ്പശാലയുടെ ഒരു ദൃശ്യം

## അനുമോദനങ്ങൾ!!

നമ്മുടെ കോട്ടയം യുണിറ്റിന്റെ വിശേഷങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒയാസിസ് (മരുപ്പച്ച)എന്ന പേരിൽ ഒരു ഇ-പ്രസിദ്ധീകരണം ആരംഭിച്ചു.

അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.

## പത്രാധിപ സമിതി

### രക്ഷാധികാരി



ശ്രീ.മാത്യു അടയ്ക്കാമു ക്കൽ

മാനേജിംഗ് എഡിറ്റർ



ശ്രീ.എം.ജി.രാഘവൻ

ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്



പത്രാധിപ സമിതി അംഗങ്ങൾ

പി.എം.ജേക്കബ്

സി.പി.മാത്യു

എം.പി.പുഷ്കരൻ

സി.കെ.വിശ്വനാഥൻ നായർ

ഈശോ ചെറിയാൻ

ജോൺ വി. ചെറിയാൻ

ജോസഫ് ജോൺ

ത്രേസ്യാമ്മ ആന്റണി

കെ. കെ.പാപ്പച്ചൻ

# Annual General Body along with Onam Celebration REPORT

The Annual General Body along with Onam Celebration was held on 07.09.2019 at Baker LP School Auditorium, Kottayam. On the Dias we had Sri M. G. Raghavan, President, Sri Jayakumar A,General Secretary, Sri Joy C Aryakara, RD DGM, Sri P M Jacob, Dist Secretary,Mathew Adackamundakal DGS, Sri Rajmohanan Nair P S,AGS, Smt Raisa Beegaum,State Committee member, Convenors of all area Committee , The meeting started at 10.30 am with prayer song by Smt Girija kumari invoking God's blessings. One minute silence was observed in respect of late Sri K J George who passed away on 16.08.2019 . The spouse , parents of our members who left for their heavenly abode during the last half year were also remembered. Sri P P Philip, Convenor, Area Committee, Vaikom recollected in his eulogy his close association with Late Mr K J George who was always friendly and loving to his collegues and said that he was an active member of the association. Sri Viswanathan Nair, Vice President of the District Committee welcomed all the participants and especially our General Secretary Sri A Jaykumar on his maiden visit to the District Centre. It was followed by lighting of the lamp in front of the "Pookalam"to mark the inauguration of Onam Celebration.

The melodious Onam songs by SBIPAK Chorus added flavor to the celebration and the whole audience was thrilled by the harmonious rhythmic singing. The entry of beautifully decorated Maveli amidst beating of Drum and sounds kaithalam, was a surprise to all. Maveli was given a rousing welcome. He greeted all the participants and exchanged festival wishes.

In the presidential address Sri M G Raghavan, President of the District Centre pointed out that there is growth in our life membership, it has crossed 525 and if the associate members are included then it has reached 1000. It showed the confidence the members have in the association. The District centre is very vibrant and several innovative activities are undertaken for the welfare of the members. He also mentioned that the Cooperative society floated by the members is showing good progress and has earned profit in the second year of its operation.

The newly joined members were introduced by Sri Mathew Adackamundackal, Dy.General Secretary and General secretary Sri.A.Jayakumar welcomed each of them to the association by presenting rose buds. Our Senior Member from Vaikom Area Committee Sri V G Joseph who completed 75 years was also honoured .

Sri Joy C Arykara, Rtd DGM and our recently joined member delivered the Onam message. He said that Onam has special significance to all Malayalees and it is festival of prosperity and unity and its values have more relevance today than any other times.

The keynote address was given by our General Secretary Sri A . Jayakumar, who complimented the District Centre for its various activities and initiatives which are for others to emulate and the monthly E bulletin by the name OASIS is their

latest initiative which has been appreciated by the State leaders. He dwelt on the structure of our organization and its functioning. The Structured meetings at AO on every quarter, at LHO at every half year and yearly at Corporate Centre were avenues to represent our issues and find a solutions to most of the issues of our members. Our organization is non political and representing all the retirees without any difference in cadre and it is growing in strength. He also said that the 18th Annual General Body meeting in Ernakulam was a grand success considering the number of participants and the successful conduct of the meeting.

The report was presented by District Secretary Sri P M Jacob and statement of accounts by Dist Treasurer Sri Thomas Philip. The General body approved the report and statement of accounts. It was followed by felicitations by Sri Rajmohan nair P S,AGS and Smt.Raisa Beegum State Committee member.

One of the important of items in the programme was releasing of the Book "Denmark briefs" written by Sri P P Philip, It is all about memories of his recent journey to Denmark with is family. Sri Joy C Aryakara,Rtd DGM released the book by handing over a copy to his wife, Smt.Thankamma Philip.

Sri Mathew Adackamundackal also spoke on organizational matters and mentioned some of the issues and grievances settled through the intervention of the association.

The vote of thanks was delivered by Sri M.P.Pushkaran ,District Joint Secretry who thanked the members participated in large numbers, and for their overwhelming enthusiasm shown in the General body meeting and onam Celebration. It was followed by Onam Sadya and more than 300 members participated in the programme.

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.